പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

29.11.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 565

## വ്യവസായ മേഖലയുടെ ഉന്നമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. എം.നൗഷാദ്<br>ശ്രീ. ബി.സത്യൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണ് ; | (എ) & (ബി) | സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക, വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, എന്നീ ലക്ഷ്യങ്ങളോടു കൂടി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തിപ്പിനുമായി വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് "കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻ്റ് ഫെസിലിറ്റേഷൻ ആക്ട് 2018" എന്ന പേരിൽ ഏകീകൃത നിയമം നിലവിൽ വന്നിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാഫോറവും (CAF) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഏകീകൃത അപേക്ഷ ഫോറം ഉൾകൊള്ളിച്ചു കൊണ്ടുള്ള ഓൺലൈൻ സംവിധാനം (K-SWIFT) നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ലഭ്യമാകും. ഏകജാലക ഓൺലൈൻ സംവിധാനമായ |
| (ബി) | പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും സമയബന്ധിതമായി അനുമതി നൽകുന്നതിനും വ്യവസായനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ; | | |

| | | | |
|---|---|---|---|
| | | | (KSWIFT) ന്റെ ഔദ്യോഗിക ലോഞ്ചിങ്ങ് 08.01.2019 ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.<br><br>സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നു എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുക എന്ന പ്രധാന ലക്ഷ്യമാണ് കേരള പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലിനുള്ളത്. K-SWIFT(സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ ഒരു കോർ ടീം രൂപീകരിച്ചിട്ടുണ്ട്. എൻ.ഐ.സിയുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കേണ്ട തുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള റെഗുലേറ്ററി നടപടിക്രമങ്ങൾ ലഘൂകരിക്കുക; സമയബന്ധിത മായി അംഗീകാരവും, ക്ലിയറൻസും നൽകുക എന്ന ലക്ഷ്യം മുൻനിർത്തി "കേരള വ്യവസായ വാണിജ്യ നയം-2018" സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വ്യവസായ വളർച്ചയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്യുന്നതെന്ന് വ്യക്ത മാക്കാമോ; | (സി) | സംരംഭക സഹായ പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, വ്യവസായ സംരംഭകർക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിലേക്കായി വ്യവസായ എസ്റ്റേറ്റു കളിൽ 'ഗാല' നിർമ്മാണം, ആർട്ടിസാൻ മേഖലയിലുള്ള ആശാ പദ്ധതി, വ്യവസായ സംരംഭകർക്കുള്ള ടെക്നോളജി ഉൾപ്പെടെ വിവിധ മേഖലകളിലുള്ള പരിശീലന പരിപാടികൾ, എന്നിവയിലൂടെ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന ബൃഹത്പദ്ധതികളായ ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ലൈറ്റ് എൻജിനീയറിങ്ങ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ എന്നീ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ മുഖേന കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി മുഖേന സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. |
| (ഡി) | വ്യവസായ രംഗത്തെ കേന്ദ്രപദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഇത്തരം പദ്ധതികളുടെ മേൽനോട്ടം സംസ്ഥാനത്തെ കെ-ബിപ്പ് മുഖേനയാണ് നടത്തിവരുന്നത്. സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ എം.എസ്.ഇ – സി.ഡി.പി പദ്ധതിയായ ക്ലസ്റ്റർ വികസന പദ്ധതികളുടെ കേരളത്തിലെ ഇംപ്ലിമെന്റിംഗ് ഏജൻസി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെ-ബിപ്പ്). കേന്ദ്ര കൃഷി മന്ത്രാലത്തിന്റെ നാഷണൽ ബാംബൂ മിഷന്റെ കേരള ബാംബൂ മിഷൻ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്നു. നാഷണൽ എസ്.സി. എസ്.ടി ഹബ്ബിന്റെ കേരളത്തിലെ നോഡൽ ഏജൻസി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ്. |
| (ഇ) | സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രത്യേക ഇളവ് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | സ്റ്റാർട്ടപ്പ് സംബന്ധിച്ച കേന്ദ്ര സർക്കാർ നിർവചനം സംസ്ഥാനത്തുകൂടി അംഗീകരിച്ചിട്ടുണ്ട്. അതു പ്രകാരം സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് മറ്റ് വ്യവസ്ഥകൾക്ക് അന്ർസൃതമായി 7 വർഷം സ്റ്റാർട്ടപ്പായി തുടരുവാൻ കഴിയും. ഈ കാലഘട്ടത്തിൽ സ്റ്റാർട്ടപ്പിനു നൽകുന്ന ആനുകൂല്യങ്ങൾക്കെല്ലാം അവർ അർഹരായിരിക്കുകയും ചെയ്യും. പ്രസ്തുത ഉത്തരവിന് മുൻപ് |

| | | |
|---|---|---|
| | | 3 വർഷമായിരുന്നു സ്റ്റാർട്ടപ്പായി തുടരാൻ കഴിഞ്ഞിരുന്നത്.<br><br>കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് മൂലധന സഹായം ഇൻകുബേഷൻ സൗകര്യങ്ങളും നൽകി വരുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തി വരുന്നു. ഇവ പ്രത്യേക കാലയളവിലേക്കുള്ളതല്ല. |

**സെക്ഷൻ ഓഫീസർ**